കൂടാതെ സംസ്ഥാനത്തെ വിപണികളിൽനിന്ന് കൃഷിവകുപ്പ് ഉദ്യോസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലെ സെക്രട്ടറിമാരുടെ ഒരു യോഗം 21-7-2015-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കറുപ്പന്തറ പി.എച്ച്.സി.യിൽ ഐ.പി. യൂണിറ്റ്

53 (2262) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം-കറുപ്പന്തറ പി.എച്ച്.സി. യിൽ ഐ. പി. യൂണിറ്റ് ആരംഭിക്കുന്നതു സംബന്ധിച്ച് ആരോഗ്യവകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് 26-7-2012-ൽ സ്ഥലം എം.എൽ.എ. നൽകിയ ശിപാർശ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധിച്ചുള്ള ആരോഗ്യവകുപ്പിലെ ഫയൽ നമ്പർ അറിയിക്കാമോ ; പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഐ.പി. യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.ബി.2-73118/12/ ആ.വ.ഡ. ആണ്. ഐ.പി. തുടങ്ങുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാൻസർരോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം

54 (2263) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചികിത്സാ ചെലവ് ഗണ്യമായി വർദ്ധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly